REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- വികസിത ഇന്ത്യ എന്ന സങ്കൽപ്പത്തിൽ പൈതൃക വികസനത്തിനും പൈതൃക സൃഷ്ടിക്കും പ്രത്യേക പ്രാധാന്യമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- സുപ്രീം കോടതിയുടെ പ്രത്യേക ലോക് അദാലത്ത് വാരം ഇന്നാരംഭിക്കും.
- ഷിരൂരിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനെ കണ്ടെത്തുന്നതിനു തെരച്ചിൽ അവസാനിപ്പിക്കാൻ ഉദ്ദേശ്യമില്ലെന്ന് കാർവാർ MLA സതീഷ് കൃഷ്ണ സെയിൽ.
- പാരീസ് ഒളിംപിക്സിൽ ബാഡ്മിന്റണിൽ പുരുഷ സിംഗിൾസിൽ H.S പ്രണോയ്ക്കും വനിതാ സിംഗിൾസിൽ P.V സിന്ധുവിനും ജയം.
- ശ്രീലങ്കയ്ക്കെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.

## വാർത്തകൾ വിശദമായി

വികസിത ഇന്ത്യ എന്ന സങ്കൽപ്പത്തിൽ പൈതൃക വികസനത്തിനും പൈതൃക സൃഷ്ടിക്കും പ്രത്യേക പ്രാധാന്യമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രണ്ട് ദിവസമായി ന്യൂഡൽഹിയിൽ നടന്നുവന്ന BJP ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും ഉപമുഖ്യമന്ത്രിമാരും

പങ്കെടുത്ത മുഖ്യമന്ത്രി പരിഷത്തിന്റെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പൊതുക്ഷേമത്തിനായി ഏകോപിച്ച് ശക്തമായി പ്രവർത്തിക്കുമ്പോൾ വികസിത രാഷ്ട്രമെന്ന ലക്ഷ്യം തീർച്ചയായും കൈവരിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

BJP അധ്യക്ഷൻ J.P നദ്ദയും കേന്ദ്ര മന്ത്രിമാരും ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ 13 മുഖ്യമന്ത്രിമാരും 15 ഉപമുഖ്യമന്ത്രിമാരും മുഖ്യമന്ത്രി പരിഷത്തിൽ പങ്കെടുത്തു.

✪✪✪

ന്യൂനപക്ഷങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് കേന്ദ്ര ഗവൺമെൻറ് പ്രവർത്തിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. പ്രധാനമന്ത്രിയുടെ സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് എന്നീ കാഴ്ചപ്പാടുകളുമായാണ് ഗവൺ മെൻറ് മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. ഡൽഹിയിൽ ലോക് സംവർദ്ധൻ പർവിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ പങ്കെടുത്ത കരകൗശല തൊഴിലാളികൾക്ക് ജോർജ് കുര്യൻ പ്രശംസാപത്രം വിതരണം ചെയ്തു.

✪✪✪

ദേശീയ വിദ്യാഭ്യാസ നയം 2020 നടപ്പിലാക്കിയതിന്റെ നാലാം വാർഷികം വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ അഖില ഭാരതീയ ശിക്ഷാ സമാഗം എന്ന

പേരിൽ ഇന്ന് ന്യൂ ഡൽഹിയിൽ ആഘോഷിക്കും. ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതിന് നേതൃത്വം നൽകിയ അനുഭവം കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ചടങ്ങിൽ പങ്കുവെക്കും. വിവിധ ഇന്ത്യൻ ഭാഷകൾ പഠിക്കാൻ സഹായിക്കുന്ന സമർപ്പിത ടിവി ചാനലുകൾ ഉൾപ്പെടെ വിദ്യാഭ്യാസ വകുപ്പിന്റെ നിരവധി സുപ്രധാന സംരംഭങ്ങളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും.

✪✪✪

ഈ വർഷത്തെ കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് ഫലം നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രഖ്യാപിച്ചു. രജിസ്റ്റർ ചെയ്ത 14 ലക്ഷത്തി 99 ആയിരത്തിലധികം ഉദ്യോഗാർത്ഥികൾക്കായാണ് പ്രവേശന പരീക്ഷ നടത്തിയത്. കൂടുതൽ വിവരങ്ങൾക്ക് ഉദ്യോഗാർത്ഥികൾ അതത് സർവകലാശാലകളുമായും സ്ഥാപനങ്ങളുമായും ബന്ധ പ്പെടണമെന്ന് NTA നിർദ്ദേശിച്ചു.

✪✪✪

സംസ്കരണം, പുനരുപയോഗ ഊർജം, പെട്രോകെമിക്കൽ പ്ലാന്റുകൾ തുടങ്ങി വിവിധ മേഖലകളിൽ ഉഭയകക്ഷി നിക്ഷേപത്തിന് വിവിധ സാധ്യതകളെക്കുറിച്ച് ഇന്ത്യയും സൗദി അറേബ്യയും ചർച്ച നടത്തി. ഇന്ത്യ-സൗദി അറേബ്യ ഉന്നതതല ടാസ്ക് ഫോഴ്സിന്റെ ആദ്യ യോഗത്തിലായിരുന്നു ചർച്ച. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ.മിശ്രയുടെയും സൗദി ഊർജ്ജ മന്ത്രി അബ്ദുൽ അസീസ് ബിൻ സൽമാൻ ബിൻ അബ്ദുൽ അസീസ് അൽ

സൗദ് രാജകുമാരന്റെയും സംയുക്ത അധ്യക്ഷതയിൽ ഓൺലൈനായാണ് യോഗം ചേർന്നത്. ഇരു രാജ്യങ്ങളിലെയും നിക്ഷേപങ്ങൾ പരസ്പര പ്രയോജനകരമായ രീതിയിൽ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപടികളും യോഗത്തിൽ അവലോകനം ചെയ്തു.

കഴിഞ്ഞ വർഷം സെപ്റ്റംബറിൽ സൗദി കിരീടവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ ബിൻ അബ്ദുൽ അസീസ് അൽസൗദ് ഇന്ത്യ സന്ദർശിച്ച അവസരത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഇരു രാജ്യങ്ങൾക്കുമിടയിൽ നിക്ഷേപം ഒരുക്കുന്നതിന് ഉന്നതതല ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ തീരുമാനിച്ചത്. നിതി ആയോഗ് CEO ഉൾപ്പെടെ ഇരു രാജ്യങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥരാണ് ടാസ്ക് ഫോഴ്സിൽ ഉള്ളത്.

സുപ്രീം കോടതിയുടെ പ്രത്യേക ലോക് അദാലത്ത് വാരം ഇന്നാരംഭിക്കും. സുപ്രീം കോടതിയുടെ 75-ാം വാർഷികത്തിന്റെ ഭാഗമായാണ് അടുത്ത മാസം മൂന്ന് വരെ ലോക് അദാലത്ത് വാരം ആചരിക്കുന്നത്.

ലോക് അദാലത്തുകൾ അല്ലെങ്കിൽ ജനകീയ കോടതികൾ എല്ലാവർക്കും പ്രാപ്യമാകുമെന്നും എളുപ്പത്തിലും ചെലവു കുറഞ്ഞതുമായ നീതി ലഭ്യമാക്കുമെന്നും സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ഹൃഷികേശ് റോയ്, ആകാശവാണി ന്യൂസിന് അനുവദിച്ച പ്രത്യേക അഭിമുഖത്തിൽ പറഞ്ഞു.

ലോക് അദാലത്തുകൾ പാസാക്കുന്ന വിധികൾ അന്തിമമാണെന്നും മേൽക്കോടതികളിൽ അപ്പീൽ നൽകാനോ ചോദ്യം ചെയ്യാൻ കഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. പൗരന്മാർക്ക് സാധ്യമായ രീതിയിൽ ഏറ്റവും ലളിതവും വേഗത്തിലുള്ളതുമായ നീതി ലഭ്യമാക്കാനാണ് ഈ സംരംഭം ലക്ഷ്യമിടുന്നതെന്ന് ജസ്റ്റിസ് റോയ് അറിയിച്ചു.

ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് സുപ്രിംകോടതിയിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസുകൾ പരിഹരിക്കുന്നതിന് ഈ സംരംഭം ഉൾപ്പെടെ അടുത്തിടെ വിവിധ നടപടികൾ നടപ്പാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഷിരൂരിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനെ കണ്ടെത്തുന്നതിനു തെരച്ചിൽ അവസാനിപ്പിക്കാൻ കർണാടക ഗവൺമെന്റിന് ഉദ്ദേശ്യമില്ലെന്ന് കാർവാർ MLA സതീഷ് കൃഷ്ണ സെയിൽ അറിയിച്ചു. കാലാവസ്ഥ അനുകൂലമാണെങ്കിൽ തെരച്ചിൽ തുടരുമെന്ന് അദ്ദേഹം പറഞ്ഞു.

തെരച്ചിൽ നടത്തുന്നതിനു ഡ്രഡ്ജിങ് യന്ത്രം തൃശൂരിൽ നിന്ന് കൊണ്ടുവരും. അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് മെഷീൻ ഓപ്പറേറ്റർമാർ ഷിരൂരിലെത്തി കാർഷിക സർവ്വകലാശാലയുടെ ബാർജ് നദിയിൽ ഉറപ്പിച്ച് നിർത്താനാവുമോ എന്ന് പരിശോധിക്കും. ഹിറ്റാച്ചി ബോട്ടിൽ കെട്ടി നിർമ്മിച്ചതാണ് അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് മെഷീൻ. കോൾപ്പടവുകളിൽ ചണ്ടിയും ചെളിയും വാരാനാണിത്

ഉപയോഗിക്കുന്നത്. അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് മെഷീനെ കുറിച്ച് ഉത്തര കന്നട ജില്ലാ കളക്ടർ, തൃശൂർ ജില്ലാ കളക്ടറോട് ഇന്നലെ രാവിലെ വിവരം തേടിയിരുന്നുവെന്നും MLA പറഞ്ഞു.

രക്ഷാദൌത്യം നിർത്തിവെക്കരുതെന്നും തുടരണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യക്ക് കത്തയച്ചിരുന്നു.

✪✪✪

കാണാതായവർക്കായി തെരച്ചിൽ തുടരണമെന്ന് അർജുന്റെ സഹോദരി ആവശ്യപ്പെട്ടു. ഇതുവരെ നടന്ന പ്രവർത്തനങ്ങളിൽ കുടുംബത്തിന് പരാതിയില്ലെന്നും സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും അവർ കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഉത്തര കന്നഡ ജില്ലയിലെ ഷിരൂരിലുണ്ടായ മണ്ണിടിച്ചിലിൽ കാണാതായ അർജുന്റെ വീട്ടിലെത്തി ചെറിയ കുഞ്ഞിന്റെ വീഡിയോ ചിത്രീകരിച്ച യൂട്യൂബ് ചാനലിനെതിരെ സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. സംഭവത്തെക്കുറിച്ച് കോഴിക്കോട് ജില്ലാ പോലീസ് മേധാവി, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, യൂട്യൂബ് ചാനൽ എന്നിവരിൽ നിന്ന് കമ്മീഷൻ റിപ്പോർട്ട് തേടി.

കുഞ്ഞിന്റെ സ്വകാര്യതയിലേക്കു കടന്നുകയറ്റമാണ് ചാനൽ നടത്തിയിരിക്കുന്നത് എന്ന് കമ്മീഷൻ ചെയർപേഴ്സൺ K.V മനോജ് കുമാർ അറിയിച്ചു.

കുഞ്ഞിനോട് ആവർത്തിച്ച് അച്ഛനെ കുറിച്ച് ചോദിക്കുന്നത് ഒഴിവാക്കേണ്ടതായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പാരീസ് ഒളിംപിക്സിൽ ബാഡ്മിന്റണിൽ പുരുഷ സിംഗിൾസിൽ H.S പ്രണോയ്ക്കും വനിതാ സിംഗിൾസിൽ P.V സിന്ധുവിനും ജയം.

രണ്ടാം ദിവസമായ ഇന്നലെ വനിതകളുടെ ഷൂട്ടിംഗിൽ 10 മീറ്റർ എയർ പിസ്റ്റളിൽ വെങ്കല മെഡൽ നേടി മനു ഭാക്കർ ഇന്ത്യയുടെ മെഡൽ പട്ടിക തുറന്നു.

ന്യൂഡ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ ......

(വോയ്സ്)

10 മീറ്റർ എയർ പിസ്റ്റളിൽ ഇന്ത്യക്കായി മനു ഭാക്കർ വെങ്കല മെഡൽ നേടിയതോടെയാണ് രാജ്യത്തിന്റെ മെഡൽ വേട്ടയ്ക്ക് തുടക്കം കുറിച്ചത്. ഇതോടെ ഷൂട്ടിങ്ങിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ വനിതാ താരമായി മാറി മനു ഭാക്കർ. 12 വർഷങ്ങൾക്ക് ശേഷമാണ് ഇന്ത്യ ഷൂട്ടിങ്ങിൽ മെഡൽ സ്വന്തമാക്കുന്നത്. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ മനുവിനെ അഭിനന്ദിച്ചു. ഇന്ത്യയ്ക്ക് മെഡൽ പ്രതീക്ഷയുമായി ഷൂട്ടിങ്ങിൽ 10 മീറ്റർ എയർ റൈഫിൾ പുരുഷ ഫൈനലിൽ അർജുൻ ബാബുതയും, വനിതാ ഫൈനലിൽ രമിതാ ജിൻഡാലും ഇന്ന് ഇറങ്ങും.

ബാഡ്മിന്റണിൽ, പുരുഷ വിഭാഗം സിംഗിൾസ് ഗ്രൂപ്പ് സ്റ്റേജിൽ, HS പ്രണോയ് ജർമ്മനിയുടെ ഫാബിയൻ റോത്തിനെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തി. അവസാന ഗ്രൂപ്പ് ഘട്ട മത്സരത്തിൽ മറ്റന്നാൾ വിയറ്റ്നാമിന്റെ ലെ ഡക് ഫട്ടിനെയാണ് പ്രണോയ് നേരിടുന്നത്. വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പിവി സിന്ധു മാലിദ്വീപിന്റെ ഫാത്തിമത്ത് നബാഹ അബ്ദുൾ റസാഖിനെ തോൽപ്പിച്ചു.

വനിതകളുടെ 50 കിലോഗ്രാം ബോക്സിംഗിൽ നിഖാത് സരീൻ ജർമ്മനിയെ തോൽപ്പിച്ചു.

വനിതാ അമ്പെയ്ത്തിലും ടെന്നിസിലും ഇന്ത്യക്ക് നിരാശയായിരുന്നു. വനിതാ അമ്പെയ്ത്ത് ടീം ക്വാർട്ടർ ഫൈനലിൽ നെതർലാൻസിനോട് തോറ്റ് മെഡൽ റൗണ്ടിൽ നിന്ന് പുറത്തായി. ടെന്നീസിൽ സുമിത് നാഗലിന് പുരുഷ സിംഗിൾസിന്റെ രണ്ടാം റൗണ്ടിലെത്താനായില്ല. രോഹൻ ബൊപ്പണ്ണ, എൻ ശ്രീറാം ബാലാജി ജോഡിയും പരാജയപെട്ടു.

നിലവിൽ ഒരു വെങ്കല മെഡൽ നേട്ടത്തോടെ 22-ാം സ്ഥാനത്താണ് ഇന്ത്യ. നാല് സ്വർണവും, രണ്ടു വെള്ളിയും ഒരു വെങ്കലവുമായി ജപ്പാനാണ് ഒന്നാം സ്ഥാനത്ത്.

ഇന്ന് ബാഡ്മിന്റനിൽ പുരുഷ ഡബ്ബിൾസ് ഗ്രൂപ്പ് സ്റ്റേജിൽ സാത്വിക് സായ്‌രാജ് രെങ്കിറെഡ്ഡി - ചിരാഗ് സഖ്യവും വനിതാ ഡബ്ബിൾസ് ഗ്രൂപ്പ് സ്റ്റേജിൽ തനിഷ ക്രസ്റ്റോ - അശ്വനി പൊന്നപ്പ സഖ്യം കളത്തിലിറങ്ങും. പുരുഷ സിംഗിൾസ് ഗ്രൂപ്പ് സ്റ്റേജിൽ ലക്ഷ്യ സെന്നും ഇന്ന് മത്സരിക്കും.

10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം യോഗ്യത റൗണ്ടിൽ സരബ്ജോത്- മനു ഭാക്കർ, അർജുൻ സിംഗ് ചീമ - ഋതം സംഗ്വാൻ എന്നിവരും ട്രാപ് പുരുഷ യോഗ്യത മത്സരത്തിൽ പൃഥ്വിരാജ് ടോൻഡൈമനും പോരാടും.

ടേബിൾ ടെന്നിസിൽ വനിതാ സിംഗിൾസ് റൗണ്ടിൽ ശ്രീജ അകുലയും ഇന്ന് കളത്തിലിറങ്ങും.

അമ്പെയ്ത്തിൽ പുരുഷ റിക്കർവ് ടീം ക്വാർട്ടർ ഫൈനൽ, സെമി ഫൈനൽ, സ്വർണ-വെങ്കല മെഡൽ മത്സരങ്ങളും ഇന്നാണ്.

✪✪✪

ശ്രീലങ്കയ്ക്കെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ശ്രീലങ്കയിൽ നടന്ന രണ്ടാം മത്സരത്തിൽ ആതിഥേയരെ 7 വിക്കറ്റിന് പരാജയപ്പെടുത്തിയാണ് 2-0 ന് മൂന്ന് മത്സര പരമ്പര ഇന്ത്യ സ്വന്തമാക്കിയത്. പല്ലേക്കലെ അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക നിശ്ചിത 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 161 റൺസെടുത്തു.

മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യയുടെ ഇന്നിംഗ്സ് മഴ തടസ്സപ്പെടുത്തിയതോടെ വിജയലക്ഷ്യം 8 ഓവറിൽ 78 റൺസായി പുനർനിർണയിക്കുകയായിരുന്നു.

പരമ്പരയിലെ അവസാന മത്സരം നാളെ ഇതേ സ്റ്റേഡിയത്തിൽ നടക്കും.

✪✪✪

നിപ രോഗപ്പകർച്ചയുടെ സൂചനകൾ ഇതവരെ ഇല്ലെങ്കിലും ജാഗ്രത കൈവെടിയരുതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇപ്പോൾ ചെറിയ ലക്ഷണങ്ങളുമായി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നത് സമ്പർക്കപ്പട്ടികയിലെ ഒരാൾ മാത്രമാണ്. 472 പേരാണ് നിലവിൽ സമ്പർക്ക പട്ടികയിലെന്നും ഓൺലൈനായി ചേർന്ന നിപ അവലോകന യോഗത്തിൽ മന്ത്രി പറഞ്ഞു.

✪✪✪

കാർഷിക സംസ്ഥാനമായ കേരളം വിനോദസഞ്ചാര മേഖലയിൽ ആണ് ഇന്ന് എത്തിനിൽക്കുന്നതെന്ന് മന്ത്രി O.R കേളു പറഞ്ഞു. പ്രധാന തൊഴിൽ, വരുമാന മേഖലയായി വിനോദസഞ്ചാര മേഖല മാറിയെന്നും വിനോദസഞ്ചാര പദ്ധതികളെ നന്നായി പ്രയോജനപ്പെടുത്താൻ കേരളത്തിന് സാധിക്കണമെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട് തിരുവമ്പാടി ഇലന്തുകടവിൽ പത്താമത് മലബാർ റിവർ ഫെസ്റ്റിവലിന്റെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിങ് മത്സരത്തിൽ ന്യൂസിലാണ്ടിൽ നിന്നെത്തിയ മനു വിങ്ക് വാക്രനഗൽ / റാപ്പിഡ് രാജയായും, ജർമ്മനിയിലെ മരീസ കൗപ് / റാപ്പിഡ് റാണിയുമായും തെരെഞ്ഞെടുക്കപ്പെട്ടു. ഇവർ 1,20,000 രൂപയുടെ വീതം ചെക്ക് മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. ബുധനാഴ്ച വരെ ചിലയിടങ്ങളിൽ അതിശക്തമായ മഴ യ്ക്കും രണ്ട് ദിവസം മണിക്കൂറിൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് 35 മുതൽ 45 വരെയും ചിലസമയങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

ബാണാസുര സാഗർ ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഡാമിലെ ജലനിരപ്പ് 773.5 മീറ്ററായി ഉയർന്നാൽ ഷട്ടറുകൾ തുറക്കുമെന്ന് വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ ആർ.ഡി മേഘശ്രീ അറിയിച്ചു. ഡാമിലെ നിലവിലെ ജലനിരപ്പ് 772.5 മീറ്ററാണ്. ഡാമിന്റെ ബഹിർഗമന പാതയിലും സമീപ പ്രദേശങ്ങളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് കലക്ടർ പറഞ്ഞു.

✪✪✪